നം.DD-MLP/4/2026-ATIO

**ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം**
വിനോദസഞ്ചാര വകുപ്പ്
ജില്ലാ കാര്യാലയം,
നിയർ ഡിടിപിസി
അപ്ഹിൽ , മലപ്പുറം - 676505
TEL: 0483 – 2733504
Email: ddmpm@keralatourism.org

തീയതി :11-06-2026

## ക്വട്ടേഷൻ നോട്ടീസ്

വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള മലപ്പുറം ഗവ.ഗസ്റ്റ്ഹൌസ് കോമ്പൌണ്ടിലെ മുൻഭാഗത്ത് നിന്നിരുന്നതും ശക്തമായ കാറ്റിലും മഴയിലും പെട്ട് കടപുഴകി വീണതും , ഫയർഫോഴ്സ് മുറിച്ച് മാറ്റിയതുമായ തേക്കുതടികളുടെയും , ഒപ്പം നേരത്തെ പൊട്ടി വീണ തേക്കുതടികളുടെയും ക്വട്ടേഷൻ ക്ഷണിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മരങ്ങളുടെ വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | മരത്തിന്റെ ഇനം | ചുറ്റുവണ്ണംxനീളം | തടിയുടെ വ്യാപ്തി(ക്യൂ.മീ.) | വിറകിന്റെ അളവ്(മെ.ടൺ) |
|---|---|---|---|---|
| 1 | തേക്ക് | 85 cm x 170 cm | .077 | |
| 2 | തേക്ക് | 58 cm x 150 cm | .031 | |
| 3 | തേക്ക് | 58cm x 120 cm | .025 | |
| | തേക്ക് (ചെറു വിറകുകൾ) | | | .1 |
| 4 | തേക്ക് | 138 cm x 210 cm | .250 | |
| 5 | തേക്ക് | 105 cm x 320 cm | .220 | |

ക്വട്ടേഷനിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യം ആയി 1500/- രൂപ ഡയറക്ടർ, ടൂറിസം വകുപ്പ് എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഏതെങ്കിലും ദേശസാൽദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം പൂരിപ്പിച്ച നിർദ്ദിഷ്ട ഫോമിലുള്ള സീൽ ചെയ്ത ക്വട്ടേഷനുകൾ 24/06/2026 ഉച്ചക്ക് 2 മണിവരെ വിനോദസഞ്ചാര വകുപ്പ് മലപ്പുറം ജില്ലാ ഓഫീസിൽ സ്വീകരിയ്ക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് 2.30ന് മലപ്പുറം ഗവൺമെന്റ് ഗസ്റ്റ്ഹൌസിൽ വെച്ച് ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതുമായിരിയ്ക്കും.

ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത വ്യക്തിയ്ക്ക് ക്വട്ടേഷൻ ഉറപ്പിയ്ക്കുന്നതും, ടിയാൻ ക്വാട്ട് ചെയ്ത തുകയും ആയതിന്റെ 18% GST യും അതിന്റെ 5 % വനവികസന നികുതിയും ചേർന്ന തുക മലപ്പുറം ഗവൺമെന്റ് ഗസ്റ്റ്ഹൌസ് മാനേജരുടെ ഓഫീസിൽ അടച്ച് 5 ദിവസത്തിനകം സ്വന്തം ചെലവിൽ സർക്കാരിന്റെ സ്ഥാവരജംഗമ വസ്തുക്കൾക്ക് ഒരു നാശവും വരുത്താതെ തേക്കു തടികൾ/വിറക് നീക്കം ചെയ്യേണ്ടതുമാണ്. നിശ്ചിത സമയത്തിനകം നീക്കം ചെയ്യാത്ത പക്ഷം അടച്ച തുക സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതും തേക്ക്തടികൾ/വിറക് പുനർ ക്വട്ടേഷൻ ചെയ്യുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് വിനോദസഞ്ചാര വകുപ്പ് മലപ്പുറം ജില്ലാ കാര്യാലയം , മലപ്പുറം ഗവൺമെന്റ് ഗസ്റ്റ്ഹൌസ് എന്നിവിടങ്ങളിൽ നേരിട്ടോ അല്ലെങ്കിൽ 0483 2733504, 0483 2734311 എന്നീ ഫോൺ നമ്പറുകളിലോ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. ക്വട്ടേഷനുകൾ സംബന്ധിച്ച അന്തിമ തീരുമാനം, മുൻകൂട്ടി അറിയിക്കാതെ ക്വട്ടേഷനുകൾ റദ്ദ് ചെയ്യുന്നതടക്കം വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമായിരിയ്ക്കും. ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തികൾ സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്.

**ANILKUMAR S**

**DEPUTY DIRECTOR**

നോട്ടീസ് ബോർഡ്

പകർപ്പ്:

Digitally signed by Anilkumar S
Date: 11-06-2026 13:06:08

1. ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്. തിരുവനന്തപുരം
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, കോഴിക്കോട്
3. മാനേജർ, വിനോദസഞ്ചാര വകുപ്പ്, ഗവ.ഗസ്റ്റ്ഹൌസ്, കോഴിക്കോട്
4. റിസർച്ച് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്. തിരുവനന്തപുരം.

**മലപ്പുറം സർക്കാർ അതിഥിമന്ദിരത്തിലെ തേക്ക് തടികൾ / വിറകിന്റെ വില്പനയുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ സമർപ്പിയ്ക്കുന്നതിനുള്ള അപേക്ഷ.**

1. അപേക്ഷകന്റെ പേര് :
2. മേൽ വിലാസം :
3. ഫോൺ നമ്പർ :
4. ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ :
5. ക്വട്ടേഷൻ തുക :
   അക്ഷരത്തിൽ :

ക്വട്ടേഷനായുള്ള നിബന്ധനകൾ ഞാൻ കർശനമായും പാലിക്കുമെന്നും നിരതദ്രവ്യമായി 1500/- രൂപ (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) മാത്രമാണ് നൽകിയിട്ടുള്ളതെന്നും ക്വട്ടേഷൻ എനിയ്ക്ക് ഉറപ്പിയ്ക്കുന്നുവെങ്കിൽ ക്വട്ടേഷൻ തുകയുടെ 50% അപ്പോൾ തന്നെ കെട്ടുമെന്നും ലേലവസ്തുക്കൾ 5 (അഞ്ച്) ദിവസത്തിനകം ഗസ്റ്റ്ഹൌസ് പരിസരത്തു നിന്നും പൂർണ്ണമായും നീക്കം ചെയ്യുമെന്നും ഇതിനാൽ ഉറപ്പ് നൽകുന്നു.

തീയതി : പേര് :

സ്ഥലം : ഒപ്പ് :

**ഓഫീസ് ഉപയോഗത്തിന് മാത്രം**

1.ക്വട്ടേഷൻ സ്വീകരിച്ച തീയതി :

2.അനുവദിച്ച ടോക്കൺ നമ്പർ :